കുറ്റ്യാടി റെയിഞ്ച് അതിർത്തിയിലുള്ള നിക്ഷിപ്ത വനഭൂമിയിൽ പ്രത്യേക മരങ്ങൾ വളർത്താൻ പരിപാടി

696 [702] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പരിപാടി അനുസരിച്ച് കുറ്റ്യാടി റെയിഞ്ച് അതിർത്തിയിലുള്ള നിക്ഷിപ്ത വനഭൂമിയിൽ അതിർത്തികളിൽ പ്രത്യേക മരങ്ങൾ വളർത്തി സംരക്ഷണം നൽകാൻ പരിപാടിയുണ്ടോ;

(ബി) ഈ വർഷം തന്നെ കാവിലുംപാറ മറുതോംകര മലവാരങ്ങളിൽ ഈ പരിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വർഷത്തെ പ്ലാനിംഗ് സീസണിൽ ഈ പരിപാടി നടപ്പിലാക്കാൻ പ്രയാസമാണ്.

വിതരണം ചെയ്ത വൃക്ഷത്തൈകൾ

697 [703] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ൽ ഇതുവരെ വനമഹോത്സവത്തോടനുബന്ധിച്ച് എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) 1985-ൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ എണ്ണമെത്ര;

(സി) 1985-ൽ വിതരണം ചെയ്ത വൃക്ഷത്തൈകളിൽ എത്രയെണ്ണം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്;

(ഡി) വൃക്ഷത്തൈകൾ സംരക്ഷിക്കാൻ ഗവൺമെന്റ് കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണ പരിപാടിയിലുള്ള വൃക്ഷത്തൈ വിതരണം ഈ വർഷം ആരംഭിച്ചിട്ടേയുള്ളൂ. ഇതുവരെ 76.54 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 998.190 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യവ്യക്തികൾ നടുന്ന തൈകൾ അവരും, ഗവൺമെന്റ് ഭൂമിയിൽ നടുന്ന തൈകൾ ഡിപ്പാർട്ടുമെന്റുമാണ് സംരക്ഷിക്കുന്നത്. 1985-ൽ നട്ട തൈകളുടെ അതിജീവിതശതമാനം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഗവൺമെന്റ് വക ഭൂമിയിൽ വയ്ക്കുന്ന തൈകൾ സംരക്ഷിക്കാൻ ചിലയിടങ്ങളിലെല്ലാം കമ്പിവേലികൾ ഇടുകയും, ട്രീ ഗാർഡുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വലിയ തോട്ടങ്ങൾക്ക് വേലികെട്ടാറില്ല.

LIBRARY ARCHIVES Kerala Legislative Assembly